# കേരള സർക്കാർ

നം. 24136 (1)/ ആർ. എ.1/07/തസ്വഭവ.

തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പ്,
തിരുവനന്തപുരം, 25-7-2007

## സർക്കുലർ

വിഷയം:- കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ - സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ബാധകമാക്കി തുടർ നടപടി സ്വീകരിക്കുന്നത് - വിശദീകരണം - സംബന്ധിച്ച്

സൂചന: 20.6.07 ലെ സർക്കുലർ നമ്പർ 24136/ആർ.എ1/07/തസ്വഭവ

1. 6-6-2007 മുതൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും കെട്ടിട നിർമ്മാണചട്ടം ബാധകമാക്കിയിട്ടുണ്ട്. പുതിയതായി ചട്ടം ബാധകമാക്കിയിരുന്ന പഞ്ചായത്തുകളിൽ 6-6-2007-നു ശേഷം നിർമ്മാണം ആരംഭിച്ചിരിക്കുന്ന കെട്ടിടത്തിനു മാത്രമായിരിക്കും നിയമം ബാധകം.

2. 6-6-2007-നു മുമ്പ് നിർമ്മാണം പൂർത്തിയാക്കിയതും, 6-6-2007-നു മുൻപ് നിർമ്മാണം ആരംഭിച്ച് നടന്നുകൊണ്ടിരിക്കുന്നതുമായ കെട്ടിടങ്ങൾക്ക് (ടൗൺ പ്ലാനിംഗ് സ്കീമും, കോസ്റ്റൽ സോൺ റെഗുലേഷനും ബാധകമാകുന്ന സ്ഥലങ്ങളിൽ ഇവയ്ക്ക് അനുസൃതമാണെങ്കിൽ) പ്ലാൻ തയ്യാറാക്കി പഞ്ചായത്തുകളിൽ സമർപ്പിക്കേണ്ടതോ, ചട്ടം ബാധകമാക്കുകയോ ചെയ്യേണ്ടതില്ല. മേൽ പറഞ്ഞ കെട്ടിടങ്ങൾ പരിശോധിച്ച് പഞ്ചായത്ത് സെക്രട്ടറി നമ്പർ നൽകേണ്ടതാണ്. എന്നാൽ 150 സ്ക്വയർ മീറ്ററിൽ കൂടുതലോ, രണ്ടിലധികം നിലകളുള്ള കെട്ടിടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ 20-6-2007 ലെ 24136/ആർ.എ1/07/തസ്വഭവ. നമ്പരായുള്ള സർക്കുലറിലെ II (2)-ൽ പറഞ്ഞിരിക്കുന്ന പ്രകാരം പഞ്ചായത്തു സെക്രട്ടറി വിവരം ശേഖരിക്കേണ്ടതാണ്. കൂടാതെ ഈ വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് II (7) - ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നിഷ്കർഷിക്കേണ്ടതുമാണ്.

വിവരശേഖരണം പൂർത്തിയായില്ല എന്ന കാരണത്താൽ കെട്ടിടത്തിന് പെർമിറ്റ് നൽകുന്നതിനോ നമ്പർ നൽകുന്നതിനോ ഒരു കാരണവശാലും കാല താമസം ഉണ്ടാകുവാൻ പാടില്ല.

3. സർക്കാർ അംഗീകരിച്ച സ്കീം പ്രകാരം ധനസഹായം 6-6-2007-നു മുമ്പ് ലഭിച്ചിട്ടുള്ളവർക്ക് പ്രത്യേകമായി പ്ലാൻ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതില്ല. 6-6-2007ന് ശേഷം നിർമ്മാണം നടത്തുന്നവയ്ക്ക് കെട്ടിടത്തിന്റെ ചുറ്റളവു കാണിച്ചു കൊണ്ടുള്ള

സ്കെച്ച് സമർപ്പിച്ചാൽ മാത്രം മതിയാകും. ഇപ്രകാരമുള്ള സ്കെച്ച് പഞ്ചായത്ത് സൗജന്യമായി നൽകുകയോ, പഞ്ചായത്തിന്റെ സഹായത്തോടെ വരച്ചു നൽകുകയോ ചെയ്യേണ്ടതാണ്.

4. പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് അവരുടെ പരമ്പരാഗതമായ സ്ഥലത്ത് നിർമ്മാണം നടത്തുമ്പോൾ കൈവശാവകാശ സർട്ടിഫിക്കറ്റ് ബാധകമാക്കേണ്ടതില്ല. പ്രസ്തുത നിർമ്മാണം നടത്തുന്നതിന്, കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കുന്നതുവരെ പ്ലാൻ തയ്യാറാക്കി സമർപ്പിക്കേണ്ടതില്ല. നിർമ്മാണങ്ങൾ സംബന്ധിച്ച വിവരം സെക്രട്ടറിമാർ ശേഖരിച്ച് രേഖപ്പെടുത്തേണ്ടതാണ്.

5. സർക്കാർ ധനസഹായത്തോടെ നിർമ്മിക്കുന്ന വീടുകൾ, കുടിലുകൾ (ആദിവാസി ഏരിയായിൽ ഉള്ളവയുൾപ്പെടെ) എന്നിവയ്ക്ക് മഴവെള്ളക്കൊയ്ത്തിനുള്ള സംവിധാനം നിർബന്ധമാക്കേണ്ടതില്ല.

6. സ്ഥലപരിശോധന സമയത്ത് പ്രസ്തുത സ്ഥലത്തിന്റെ സർവ്വെ സ്കെച്ച് പരിശോധനാ ഉദ്യോഗസ്ഥൻ തന്നെ ശേഖരിക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തേണ്ടതുമാണ്.

7. നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണ ചട്ടത്തിൽ അനുശാസിച്ചിരിക്കുന്ന പ്രകാരമുള്ള പെർമിറ്റ് ഫീസ് മാത്രമേ ഈടാക്കേണ്ടതുള്ളൂ.

8. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കെട്ടിടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ 2007 ആഗസ്റ്റ് 31-ന് മുമ്പ് പഞ്ചായത്തു സെക്രട്ടറിമാരെ രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം 6-6-2007-നു ശേഷം നിർമ്മാണം ആരംഭിച്ചതായി കണക്കാക്കുന്നതായിരിക്കും. എന്നാൽ ആദിവാസി ഏരിയായിൽ നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിടങ്ങൾ പഞ്ചായത്തു സെക്രട്ടറി തന്നെ കണ്ടു പിടിച്ച് റിപ്പോർട്ട് ചെയ്ത് നമ്പർ നൽകേണ്ടതാണ്.

എസ്. എം. വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
കോർപ്പറേഷൻ സെക്രട്ടറി, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്
സീനിയർ ടൗൺ പ്ലാനർ, വിജിലൻസ്

എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്,
പാങ്ങപ്പാറ, തിരുവനന്തപുരം-695581 (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

പബ്ലിക് റിലേഷൻസ് ഡയറക്ടർ, (പത്ര മാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകാൻ നടപടിയെടുക്കേണ്ടതാണ്.)

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് (ആർ. ബി) വകുപ്പ്.
തദ്ദേശ സ്വയംഭരണ വകുപ്പ് (ആർ. ഡി) വകുപ്പ്
തദ്ദേശ സ്വയംഭരണ (ആർ. എ.2, ആർ.എ.3) വകുപ്പുകൾക്ക്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ